# പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3753 — 17.10.2011 ൽ മറുപടിക്ക്

## സ്കൂൾ ബസ്സിന്റെ പെർമിറ്റ് മാനദണ്ഡങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ<br>ശ്രീ. റ്റി.വി. രാജേഷ്<br>ശ്രീ. ബി. സത്യൻ<br>ശ്രീ. ആർ. രാജേഷ് | ശ്രീ. വി.എസ്.ശിവകുമാർ<br>ഗതാഗതവും ദേവസ്വവും വകുപ്പ മന്ത്രി |

(എ) സ്കൂൾബസ്സിന് പെർമിറ്റ് നൽകുന്നതിന് നിലവിലുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണ് ;

എ) 1) 1989 ലെ കേരള മോട്ടോർ വാഹനച്ചട്ടം 290(2) പ്രകാരം എഡ്യുക്കേഷണൽ ഇൻസ്റ്റിറ്റ്യൂഷൻ ബസ്സുകളുടെ നിറം ക്രീം മഞ്ഞ നിറം ആയിരിക്കേണ്ടതാണ്.

2) 1989 ലെ കേരള മോട്ടോർ വാഹനച്ചട്ടം 291 പ്രകാരം വിദ്യാഭ്യാസ സ്ഥാപനത്തിന്റെ പേര് വാഹനത്തിന്റെ മുൻവശത്തും, പുറകുവശത്തും മുകളിലായും വാഹനത്തിന്റെ ഇടതുവശത്തും വ്യക്തമായി വായിക്കുവാൻ കഴിയുന്ന രീതിയിൽ തിരശ്ചീനമായി എഴുതിയിരിക്കണം. മേൽ പറഞ്ഞതു കൂടാതെ 23.12.2003 ലെ സ്റ്റേറ്റ് ട്രാൻസ്പോർട്ട് അതോറിറ്റിയുടെ തീരുമാനപ്രകാരം സ്കൂൾ ബസ്സിന് പെർമിറ്റ് നൽകുന്നതിന് താഴെ പറയുന്ന മാനദണ്ഡങ്ങൾ പാലിച്ചിരിക്കണം.

(i) വിദ്യാഭ്യാസ സ്ഥാപനത്തിന്റെ പേരിലുള്ളതോ വാടകയ്ക്കെടുത്തതോ ആയ വാഹനം ഓടിക്കുന്ന ഡ്രൈവർക്ക് വാഹനം ഓടിച്ചിട്ടുള്ള 10 വർഷത്തിൽ കുറയാത്ത പരിചയം ഉണ്ടായിരിക്കണം.

(ii) എഡ്യുക്കേഷണൽ ഇൻസ്റ്റിറ്റ്യൂഷൻ ബസ്സ് ഓടിക്കുന്ന വ്യക്തി അപകടകരമായ രീതിയിലും അശ്രദ്ധമായും വാഹനം ഓടിച്ചതിന്റെ പേരിലോ മദ്യപിച്ച് വാഹനം ഓടിച്ചതിന്റെ പേരിലോ ശിക്ഷിക്കപ്പെട്ട വ്യക്തി ആകരുത്.

(iii) എഡ്യുക്കേഷണൽ ഇൻസ്റ്റിറ്റ്യൂഷൻ ബസ്സുകളിൽ മണിക്കൂറിൽ 40 കിലോമീറ്റർ സ്പീഡ് എന്ന

കണക്കിന് സെറ്റ് ചെയ്ത സ്പീഡ് ഗവർണ്ണർ ഉണ്ടായിരിക്കണം.

(iv) കുട്ടികളെ സുരക്ഷിതമായി കയറ്റുന്നതിനും ഇറക്കുന്നതിനും വാഹനത്തിന്റെ ഓരോ കവാടത്തിലും പ്രഗത്ഭനായ ഒരു അറ്റൻഡന്റ് ഉണ്ടായിരിക്കണം.

(v) എഡ്യുക്കേഷണൽ ഇൻസ്റ്റിറ്റ്യൂഷൻ ബസ്സിൽ കയറുന്ന വിദ്യാർത്ഥികളുടെ എണ്ണം 1989 ലെ കേരള മോട്ടോർ വാഹന ചട്ടം 221 ന് അനുസൃതമായിരിക്കണം.

(vi) എഡ്യുക്കേഷണൽ ഇൻസ്റ്റിറ്റ്യൂഷൻ ബസ്സിന്റെ ഓരോ കവാടത്തിനും വാതിൽപ്പാളികൾ ഉണ്ടായിരിക്കണം.

ഇതു കൂടാതെ 9.6.2010 ലെ സ്റ്റേറ്റ് ട്രാൻസ്പോർട്ട് അതോറിറ്റിയുടെ തീരുമാനപ്രകാരം എഡ്യുക്കേഷണൽ ഇൻസ്റ്റിറ്റ്യൂഷൻ ബസ്സിന് താഴെ പറയുന്ന മാനദണ്ഡങ്ങൾ കൂടി ഉണ്ടായിരിക്കണം.

(i) ഡ്രൈവർക്ക് 5 വർഷത്തിൽ കുറയാതെ ഹെവി വാഹനം ഓടിച്ചുള്ള പരിചയം ഉണ്ടായിരിക്കണം

(ii) മദ്യപിച്ച് വാഹനം ഓടിക്കുക, അമിതവേഗതയിലും അപകടകരമായ രീതിയിലും വാഹനം ഓടിക്കുക തുടങ്ങിയ കുറ്റ കൃത്യങ്ങൾക്ക് ശിക്ഷിക്കപ്പെട്ടവരെ എഡ്യുക്കേഷണൽ ഇൻസ്റ്റിറ്റ്യൂഷൻ ബസ്സിന്റെ ഡ്രൈവറായി നിയമിക്കരുത്.

(iii) സ്കൂൾ ബാഗുകളും മറ്റു സാധനങ്ങളും സൂക്ഷിക്കുന്നതിന് സ്കൂൾ ബസ്സുകളിൽ പ്രത്യേകം സ്ഥലം സജ്ജീകരിച്ചിരിക്കണം.

(iv) വാഹനത്തിൽ കയറുന്നതിനും ഇറങ്ങുന്നതിനും സ്കൂൾ കുട്ടികളെ സഹായിക്കുന്നതു കൂടാതെ ബസ് അറ്റൻഡർ വിദ്യാർത്ഥികളെ സുരക്ഷിതമായി റോഡ് മുറിച്ചു കടക്കുന്നതിനും സഹായിക്കേണ്ടതാണ്.

(v) സ്കൂൾ അധികാരികൾ / പി.റ്റി.എ.ഭാരവാഹികൾ സ്കൂൾ ബസ്സ് ജീവനക്കാരുടെ പെരുമാറ്റവും അവർ നൽകുന്ന സേവനങ്ങളും മിന്നൽ പരിശോധന നടത്തി ഉറപ്പു വരുത്തേണ്ടതാണ്.

| | |
|---|---|
| (ബി) സ്കൂൾ ബസ്സുകൾ അപകടത്തിൽപെട്ട് കുട്ടികൾ മരിക്കുന്നതുൾപ്പെടെയുള്ള തുടർച്ചയായ സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് |
| (സി) നിലവിലുള്ള നിയമങ്ങൾ കൊണ്ട് | സി) നിയമങ്ങളുടെ അപര്യാപ്തതയല്ല. അപകടങ്ങൾക്ക് |

| | |
|---|---|
| ഇത്തരം അപകടങ്ങൾ തടയാൻ കഴിഞ്ഞില്ലെങ്കിൽ കൂടുതൽ കർശന നിയന്ത്രണങ്ങളോടെ പുതിയ നിയമങ്ങൾ നടപ്പിലാക്കുവാൻ നടപടികൾ സ്വീകരിക്കുമോ ? | കാരണമാകുന്നത്. ആയത് കൃത്യമായി പാലിക്കാത്തതിലുള്ള അലംഭാവമാണ് അപകടങ്ങൾ വരുത്തുന്നതെന്ന് കണ്ടെത്തിയിട്ടുണ്ട്. സ്റ്റേറ്റ് ട്രാൻസ്പോർട്ട് അതോറിറ്റിയുടെ 23.12.2003 ലെയും 9.6.2010 ലെയും തീരുമാനപ്രകാരം സ്കൂൾ ബസ്സിന് പെർമിറ്റ് നൽകുന്നതിന് കൂടുതൽ മാനദണ്ഡങ്ങൾ ഏർപ്പെടുത്തിയിട്ടുള്ളതും ആയത് കർശനമായി നടപ്പിലാക്കുന്നതുമാണ്. |

സെക്ഷൻ ഓഫീസർ